**കേരള സർക്കാർ**

**നം.222/ ഡി.എ 3/ 2018- തസ്വഭവ**
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, :25.06.2018.

**<u>സർക്കുലർ</u>**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കുടിവെള്ള പദ്ധതിയിലെ അഴിമതി സംബന്ധിച്ച്

സൂചന:- സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ് ടീം 05.04.2017 ൽ നടത്തിയ അന്വേഷണ റിപ്പോർട്ട്

ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കുടിവെള്ള പദ്ധതികളുടെ നിർവഹണത്തിൽ അഴിമതിയും ധനാപഹരണവും നടന്നു എന്ന ആഭ്യന്തര വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ് ടീം നടത്തിയ അന്വേഷണത്തിൽ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തിലും ഗ്രാമപഞ്ചായത്തിലും കുടിവെള്ള പദ്ധതികളുടെ ഫയലുകൾ തികച്ചും അലക്ഷ്യമായാണ് കൈകാര്യം ചെയ്യുന്നതെന്നും സുപ്രധാന രേഖകൾ ഒന്നും തന്നെ ഇല്ല എന്നും കണ്ടെത്തുകയുണ്ടായി. ടി സാഹചര്യത്തിൽ പഞ്ചായത്ത്/ഗ്രാമവികസന/നഗരകാര്യ വകുപ്പ് മേധാവികൾ ചുവടെ പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

1. പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവയുടെ ഫയലുകൾ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സൂക്ഷിക്കേണ്ടതാണ്.
2. വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ട രേഖകളുടെയും ഭൂമി സംബന്ധിച്ച് ഉണ്ടായിരിക്കേണ്ട രേഖകളുടെയും check list ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കുലർ നിർദ്ദേശം ഓരോ വകുപ്പ് അദ്ധ്യക്ഷന്മാരും നൽകേണ്ടതാണ്.
3. കുടിവെള്ള പദ്ധതികളുടെ രൂപീകരണം, നിർവ്വഹണം, ധനവിനിയോഗം,മോണിറ്ററിംഗ് എന്നിവയെല്ലാം കൂടുതൽ ഗൗരവത്തോടെയും കാര്യക്ഷമതയോടും ജനോപകാരപ്രദമായും നിർവഹിക്കേണ്ടതാണ്.
4. പൊതുധനം ഉപയോഗിച്ചുള്ള പദ്ധതികൾ സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ നടപ്പിലാക്കുകയാണെങ്കിൽ ഭൂമി തദ്ദേശസ്വയംഭരണസ്ഥപനങ്ങൾക്ക് കൈമാറ്റം ചെയ്തശേഷം പദ്ധതി നടപ്പിലാക്കേണ്ടതാണ്.

**പാറ്റ്സി സ്റ്റീഫൻ**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
} (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ മേയർമാർക്കും / കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ ചെയർമാന്മാർക്കും / മുനിസിപ്പൽ സെക്രട്ടറിമാർക്കും

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മീഷണർമുഖേന)

എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻസ് വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ/റൂറൽ) പേഴ്സണൽ സെക്രട്ടറിയ്ക്ക്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**